**മധുരമായ കുട്ടികളേ- ഈ ഡ്രാമയുടെ കളി കൃത്യമായാണ് നടക്കുന്നത്, ആരുടെ ഏത് പാർട്ട് ഏതു സമയത്ത് നടക്കണമോ, അതുതന്നെയാണ് ആവർത്തിക്കുന്നത്, ഈ കാര്യം യഥാർത്ഥ രീതിയിൽ മനസ്സിലാക്കണം.**

**ചോദ്യം-** നിങ്ങൾ കുട്ടികളുടെ പ്രഭാവം എപ്പോഴാണ് പുറത്ത് വരിക? ഇപ്പോഴും ഏത് ശക്തിയുടെ കുറവാണ് ഉള്ളത്?
**ഉത്തരം-** എപ്പോൾ യോഗത്തിൽ ശക്തിശാലിയാകുന്നുവോ അപ്പോൾ പ്രഭാവം ഉണ്ടാകും. ഇപ്പോൾ അത്രയും ശക്തിയില്ല. ഓർമ്മയിലൂടെയേ ശക്തി ലഭിക്കൂ. ജ്ഞാനമാകുന്ന വാളിൽ ഓർമ്മയാകുന്ന മൂർച്ച വേണം, അത് ഇപ്പോഴും കുറവാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കാമെങ്കിൽ തോണി അക്കരെയെത്തും. ഇത് സെക്കന്റിന്റെ തന്നെ കാര്യമാണ്.

**ഓം ശാന്തി**. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരികയാണ്. ആത്മീയ അച്ഛൻ എന്ന് ഒരേയൊരാളെയാണ് പറയുന്നത്. ബാക്കി എല്ലാവരും ആത്മാക്കളാണ്. ആത്മീയ അച്ഛനെ പരമാത്മാവ് എന്നാണ് പറയുന്നത്. ബാബ പറയുന്നു ഞാനും ആത്മാവാണ്. പക്ഷേ ഞാൻ പരമമായ സുപ്രീം സത്യമാണ്. ഞാൻ തന്നെയാണ് പതിത പാവനൻ, ജ്ഞാന സാഗരൻ. ബാബ പറയുന്നു ഞാൻ വരുന്നതു തന്നെ ഭാരതത്തിലാണ്, കുട്ടികളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റാൻ. നിങ്ങൾ തന്നെയായിരുന്നില്ലേ അധികാരികൾ. ഇപ്പോൾ ഓർമ്മ വന്നു. കുട്ടികളിൽ ഓർമ്മ ഉണർത്തുകയാണ്- നിങ്ങൾ ആദ്യമാദ്യം സത്യയുഗത്തിലേയ്ക്ക് വന്നു പിന്നീട് പാർട്ട് അഭിനയിച്ച്, 84 ജന്മങ്ങൾ അനുഭവിച്ച് അവസാനത്തിലെത്തി. നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. ആത്മാവുതന്നെയാണ് ദേഹത്തോടൊപ്പം ആത്മാക്കളോട് സംസാരിക്കുന്നത്. ആത്മാഭിമാനിയായി ഇരിക്കുന്നില്ലെങ്കിൽ തീർച്ചയായും ദേഹാഭിമാനമുണ്ട്. ഞാൻ ആത്മാവാണ്, ഇതെല്ലാം മറന്നുപോയി. പാപാത്മാവ്, പുണ്യാത്മാവ്, മഹാനാത്മാവ് എന്നെല്ലാം പറയാറുണ്ട്. പിന്നീട് അവർക്ക് പരമാത്മാവാകാൻ സാധിക്കില്ല. ആർക്കും ഞാൻ ശിവനാണ് എന്ന് പറയാൻ കഴിയില്ല. ഒരുപാടുപേർക്ക് ശരീരത്തിന് ശിവൻ എന്ന് പേരുണ്ട്. ആത്മാവ് എപ്പോൾ ശരീരത്തിൽ പ്രവേശിക്കുന്നുവോ അപ്പോഴാണ് പേര് വെയ്ക്കുന്നത് എന്തുകൊണ്ടെന്നാൽ ശരീരത്തോടൊപ്പമാണ് പാർട്ട് അഭിനയിക്കേണ്ടത്. അതിനാൽ മനുഷ്യർ പിന്നീട് ഞാൻ ഇന്നയാളാണ് എന്ന ശരീരത്തിന്റെ അഭിമാനത്തിലേയ്ക്ക് വരുന്നു. ഇപ്പോൾ മനസ്സിലാക്കുന്നു- അതെ, ഞാൻ ആത്മാവാണ്. ഞാൻ 84 ജന്മങ്ങൾ പൂർത്തിയാക്കി. ഇപ്പോൾ നമ്മൾ ആത്മാവിനെ അറിഞ്ഞുകഴിഞ്ഞു. നമ്മൾ ആത്മാക്കൾ സതോപ്രധാനമായിരുന്നു, പിന്നീട് ഇപ്പോൾ തമോപ്രധാനമായിരിക്കുന്നു. എപ്പോഴാണോ എല്ലാ ആത്മാക്കളിലും അഴുക്ക് നിറയുന്നത് അപ്പോഴാണ് ബാബ വരുന്നത്. സ്വർണ്ണത്തിൽ ചെമ്പ് ചേർക്കാറില്ലേ. നിങ്ങൾ ആദ്യം സത്യമായ സ്വർണ്ണമായിരുന്നു പിന്നീട് വെള്ളി, ചെമ്പ് പിന്നെ ഇരുമ്പായി നിങ്ങൾ തീർത്തും കറുത്തുപോകുന്നു. ഈ കാര്യങ്ങൾ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ആത്മാവ് നിർലേപമാണ് എന്ന് എല്ലാവരും പറയുന്നു. അഴുക്ക് എങ്ങനെയാണ് പറ്റുന്നത്, ഇതും ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. ബാബ പറയുന്നു ഞാൻ വരുന്നതുതന്നെ ഭാരതത്തിലാണ്. എപ്പോഴാണോ പൂർണ്ണമായും തമോപ്രധാനമായി മാറുന്നത് അപ്പോഴാണ് ഞാൻ വരുന്നത്. കൃത്യമായ സമയത്താണ് വരുന്നത്. എങ്ങനെയാണോ ഡ്രാമയിൽ കൃത്യമായി കളി നടക്കാറില്ലേ. ഏത് പാർട്ട് എപ്പോൾ നടക്കണമോ അത് ആ സമയത്തുതന്നെ വീണ്ടും ആവർത്തിക്കും, അതിൽ അല്പം പോലും വ്യത്യാസം ഉണ്ടാവുക സാധ്യമല്ല. അത് പരിധിയുള്ള നാടകമാണ്, ഇത് പരിധിയില്ലാത്ത നാടകമാണ്. ഇതെല്ലാം വളരെ സൂക്ഷ്മമായി മനസ്സിലാക്കേണ്ട കാര്യമാണ്. ബാബ പറയുന്നു നിങ്ങൾ എന്ത് പാർട്ട് അഭിനയിച്ചോ അത് ഡ്രാമ അനുസരിച്ചുള്ളതാണ്. ഒരു മനുഷ്യനും രചയിതാവിനേയോ രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയോ അറിയുന്നില്ല. ഋഷി മുനിമാരും ഇതൊന്നുമല്ല സത്യം എന്നാണ് പറഞ്ഞുപോയത്. ഇപ്പോൾ നിങ്ങളോട് ആരെങ്കിലും ചോദിക്കുകയാണ് രചയിതാവിനേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും അറിയുമോ? എങ്കിൽ നിങ്ങൾ പെട്ടെന്ന് പറയും ഉവ്വ്, അതും നിങ്ങൾക്ക് ഇപ്പോൾ മാത്രമേ അറിയാൻ കഴിയൂ പിന്നീട് ഒരിയ്ക്കലും പറ്റില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾക്ക് മാത്രമേ രചയിതാവിനേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും അറിയൂ. ശരി, ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യം എപ്പോഴാണ് ഉണ്ടാവുക, ഇത് അറിയാമോ? ഇല്ല, ഇതിനെക്കുറിച്ച് ഒരു അറിവുമില്ല. ഇത് അത്ഭുതമാണ്. നിങ്ങൾ പറയും ഞങ്ങളിൽ ജ്ഞാനമുണ്ട്, ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ബാബയുടെ പാർട്ട് ഒരേയൊരു തവണയാണ്. നിങ്ങളുടെ പ്രധാന ലക്ഷ്യം- ഈ ലക്ഷ്മീ നാരായണനായി മാറുക എന്നതാണ്. ആയിക്കഴിഞ്ഞാൽ പിന്നെ ഈ പഠിപ്പിന്റെ ആവശ്യം ഉണ്ടാകില്ല. വക്കീലായിക്കഴിഞ്ഞാൽ കഴിഞ്ഞു. പഠിപ്പിക്കുന്ന ബാബയെ ഓർമ്മി

ക്കുകയും ചെയ്യണം. നിങ്ങൾക്കായി എല്ലാം സഹജമാക്കിയിരിക്കുന്നു. ബാബ വീണ്ടും വീണ്ടും നിങ്ങളോട് പറയുന്നു ആദ്യം നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഞാൻ ബാബയുടേതാണ്. ആദ്യം നിങ്ങൾ നാസ്തികരായിരുന്നു, ഇപ്പോൾ ആസ്തികരായി മാറി. ഈ ലക്ഷ്മീ നാരായണന്മാരും ആസ്തികരായിട്ടാണ് ഈ സ്വർഗ്ഗം നേടിയത്, അതാണ് ഇപ്പോൾ നിങ്ങൾ പ്രാപ്തമാക്കുന്നത്. ഇപ്പോൾ നിങ്ങൾ ആസ്തികരായി മാറുകയാണ്. ആസ്തികൻ- നാസ്തികൻ എന്ന വാക്കുകൾ ഇപ്പോഴത്തേതാണ്. അവിടെ ഈ വാക്കുകൾ ഉണ്ടാകില്ല. ചോദിക്കേണ്ട ആവശ്യം പോലും ഉണ്ടാകില്ല. ഇവിടെ ചോദ്യം ഉയരുന്നു അതിനാലാണ് ചോദിക്കുന്നത്- രചയിതാവിനേയും രചനയേയും അറിയാമോ? അപ്പോൾ പറയുന്നു ഇല്ലയെന്ന്. ബാബ തന്നെയാണ് വന്ന് തന്റെ പരിചയം നൽകുന്നത് പിന്നീട് രചനയുടെ അദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുന്നു. ബാബ പരിധിയില്ലാത്ത അധികാരിയാണ്, രചയിതാവാണ്. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് മറ്റ് ധർമ്മസ്ഥാപകരും ഇവിടേയ്ക്ക് തീർച്ചയായും വരും. നിങ്ങൾക്ക് സാക്ഷാത്ക്കാരം ചെയ്യിച്ചിരുന്നു- ഇബ്രാഹിം, ക്രിസ്തു മുതലായവർ ഇവിടേയ്ക്ക് എങ്ങിനെയാണ് വരുന്നത്. അവരെല്ലാം അവസാനം കോലാഹലങ്ങൾ വളരെ വർദ്ധിക്കുമ്പോഴേ വരൂ. ബാബ പറയുന്നു- കുട്ടികളേ, ദേഹ സഹിതം ദേഹത്തിന്റെ മുഴുവൻ സംബന്ധങ്ങളേയും ത്യാഗം ചെയ്ത് എന്നെ ഓർമ്മിക്കൂ. ഇപ്പോൾ നിങ്ങൾ സന്മുഖത്ത് ഇരിക്കുകയാണ്. സ്വയം ഞാൻ ദേഹമാണ് എന്ന് കരുതരുത്, ഞാൻ ആത്മാവാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിച്ചുകൊണ്ടിരിക്കൂ എങ്കിൽ തോണി അക്കരെയെത്തും. സെക്കന്റിന്റെ കാര്യമാണ്. മുക്തിയിലേയ്ക്ക് പോകുന്നതിനായാണ് അരകല്പം ഭക്തി ചെയ്യുന്നത്. പക്ഷേ ഒരു ആത്മാവിനും തിരിച്ചുപോകാൻ സാധിക്കില്ല.

5000 വർഷങ്ങൾക്ക് മുമ്പും ബാബ ഇത് മനസ്സിലാക്കിത്തന്നിരുന്നു ഇപ്പോഴും മനസ്സിലാക്കിത്തരുന്നു. ശ്രീകൃഷ്ണന് ഈ കാര്യങ്ങൾ മനസ്സിലാക്കിത്തരാൻ സാധിക്കില്ല. കൃഷ്ണനെ അച്ഛനെന്നും പറയില്ല. ലൗകികം, അലൗകികം, പാരലൗകികം എന്നിങ്ങനെ മൂന്ന് അച്ഛന്മാരുണ്ട്. പരിധിയുള്ള അച്ഛൻ ലൗകികം, പരിധിയില്ലാത്ത അച്ഛൻ ആത്മാക്കളുടെ അച്ഛനാണ് പാരലൗകികമാണ്. പിന്നെ ഇത് സംഗമയുഗത്തിലെ വണ്ടർഫുൾ അച്ഛനാണ്, ഇവരെയാണ് അലൗകികം എന്ന് പറയുന്നത്. പ്രജാപിതാ ബ്രഹ്മാവിനെ ആരും ഓർമ്മിക്കുന്നേയില്ല. അവർ നമ്മുടെ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാൻഡ്ഫാദറാണ് എന്നത് ബുദ്ധിയിൽ വരുന്നില്ല. ആദിദേവൻ, ആദം എന്നെല്ലാം പറയുന്നുണ്ട് പക്ഷേ പറയുക മാത്രമേ ചെയ്യുന്നുള്ളൂ. ക്ഷേത്രങ്ങളിലും ആദിദേവന്റെ ചിത്രമുണ്ടല്ലോ. നിങ്ങൾ അവിടേയ്ക്ക് പോകുമ്പോൾ മനസ്സിലാക്കും ഇത് നമ്മുടെ ഓർമ്മചിഹ്നമാണ്. ബാബയും ഇരിക്കുന്നുണ്ട്, നമ്മളും ഇരിക്കുന്നുണ്ട്. ഇവിടെ ബാബ ചൈതന്യത്തിൽ ഇരിക്കുന്നു, അവിടെ ജഢചിത്രമാണ് വെച്ചിരിക്കുന്നത്. മുകളിൽ സ്വർഗ്ഗവും ശരിയാണ്, ആരെല്ലാം ക്ഷേത്രം കണ്ടോ അവർക്ക് അറിയാം ബാബ നമ്മെ ഇപ്പോൾ ചൈതന്യത്തിൽ രാജയോഗം പഠിപ്പിക്കുകയാണ്. പിന്നീടാണ് ക്ഷേത്രം ഉണ്ടാക്കുന്നത്. ഇതെല്ലാം നമ്മുടെ ഓർമ്മചിഹ്നമാണ് എന്നത് സ്മൃതിയിൽ വരണം. ഇപ്പോൾ ഈ ലക്ഷ്മീ നാരായണന്മാരായി നമ്മൾ മാറുകയാണ്. ആയിരുന്നു, പിന്നീട് ഏണിപ്പടി താഴേയ്ക്ക് ഇറങ്ങി വന്നു, ഇപ്പോൾ വീണ്ടും നമ്മൾ വീട്ടിലേയ്ക്ക് പോയി പിന്നീട് രാമരാജ്യത്തിലേയ്ക്ക് വരും. പിന്നാലെ രാവണരാജ്യം വരും പിന്നീട് നമ്മൾ വാമമാർഗ്ഗത്തിലേയ്ക്ക് പോകും. ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്- ഈ സമയത്ത് മുഴുവൻ മനുഷ്യരും പതിതമാണ് അതിനാലാണ് വിളിക്കുന്നത്- അല്ലയോ പതിത പാവനാ വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ. ദുഃഖം ഇല്ലാതാക്കി സുഖത്തിലേയ്ക്കുള്ള വഴി പറഞ്ഞുതരൂ. ഭഗവാൻ ഏതെങ്കിലും ഒരു വേഷത്തിൽ വരും എന്ന് പറയാറുണ്ട്. ഇപ്പോൾ പട്ടിയിലോ പൂച്ചയിലോ അല്ലെങ്കിൽ കല്ലിയോ മുള്ളിലോ ഒന്നും വരില്ലല്ലോ. ഭാഗ്യശാലീ രഥത്തിൽ വരുന്നു എന്ന് പാടിയിട്ടുണ്ട്. ബാബ സ്വയം പറയുന്നു ഞാൻ ഈ സാധാരണ രഥത്തിൽ പ്രവേശിക്കുന്നു. ഇവർക്ക് തന്റെ ജന്മങ്ങളെക്കുറിച്ച് അറിയില്ല, ഇപ്പോൾ നിങ്ങൾക്ക് അറിയാം. ഇവരുടെ അനേകം ജന്മങ്ങളുടെ അന്തിമത്തിൽ വാനപ്രസ്ഥ അവസ്ഥയാകുമ്പോഴാണ് ഞാൻ പ്രവേശിക്കുന്നത്. ഭക്തിമാർഗ്ഗത്തിൽ പാണ്ഢവരുടെ അനേകം വലിയ വലിയ ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്, റങ്കൂണിലും ബുദ്ധന്റെ വളരെ വലിയ ചിത്രമുണ്ട്. ഇത്രയും വലിയ മനുഷ്യർ ആരും ഉണ്ടാകില്ല. കുട്ടികൾക്ക് ഇപ്പോൾ ചിരി വരുന്നുണ്ടാകും, രാവണന്റെ ചിത്രം എങ്ങനെ നിർമ്മിച്ചിരിക്കുന്നു. ദിനംപ്രതിദിനം വലുതാക്കിക്കൊണ്ടിരിക്കുന്നു. എല്ലാവർഷവും കത്തിക്കുന്ന ഇത് എന്ത് വസ്തുവാണ്. ഇങ്ങനെ ഏതെങ്കിലും ഒരു ശത്രു ഉണ്ടാവുമോ! ശത്രുവിന്റെ ചിത്രമാണ് ഉണ്ടാക്കി കത്തിക്കുന്നത്. ശരി, രാവണൻ ആരാണ്, ഓരോ വർഷവും ഉണ്ടാക്കി കത്തിക്കാൻ എപ്പോഴാണ് ശത്രുവായി മാറിയത്? ഈ ശത്രുവിനെക്കുറിച്ച് ആർക്കും ഒന്നും അറിയില്ല. ഇതിന്റെ അർത്ഥം ആർക്കും ഒട്ടും അറിയില്ല. ബാബ മനസ്സിലാക്കിത്തരുന്നു അവർ രാവണ സമ്പ്രദായമാണ്, നിങ്ങൾ രാമ സമ്പ്രദായമാണ്. ഇപ്പോൾ ബാബ പറയുന്നു- ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നുകൊണ്ടും കമലപുഷ്പ സമാനമാവൂ എന്നെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. പറയുന്നൂ ബാബാ ഹംസവും കൊക്കും എങ്ങനെ ഒരുമിച്ച് ഇരിക്കും, വഴക്ക് ഉണ്ടാകുന്നു. തീർച്ചയായും ഉണ്ടാകും, സഹിക്കേണ്ടതായി വരും. ഇതിൽ വളരെ വലിയ

യുക്തികളുമുണ്ട്. അതുകൊണ്ടാണ് ഈശ്വരനെ ബുദ്ധിമാനായ രസികൻ എന്ന് വിളിക്കുന്നത്. അല്ലയോ ഭഗവാനേ ദുഃഖത്തെ ഇല്ലാതാക്കൂ, ദയ കാണിക്കൂ, മുക്തി നൽകൂ എന്നു പറഞ്ഞ് എല്ലാവരും അവരെ ഓർമ്മിക്കുന്നുണ്ടല്ലോ മുക്തി നൽകുന്ന ബാബ എല്ലാവർക്കുമായി ഒന്നേയുള്ളു. നിങ്ങളുടെ അടുത്തേയ്ക്ക് ആര് വന്നാലും അവർക്ക് വേറേ വേറേ മനസ്സിലാക്കിക്കൊടുക്കൂ, കറാച്ചിയിൽ ഓരോരുത്തരേയും വേറെ വേറെ ഇരുത്തി മനസ്സിലാക്കിക്കൊടുത്തിരുന്നു.

നിങ്ങൾ കുട്ടികൾ യോഗത്തിൽ ശക്തിശാലിയായി മാറുമ്പോൾ നിങ്ങളുടെ പ്രഭാവം ഉണ്ടാകും. ഇപ്പോൾ അത്രയും ശക്തിയില്ല. ഓർമ്മയിലൂടെ ശക്തി ലഭിക്കുന്നു. പഠിപ്പിലൂടെ ശക്തി ലഭിക്കുകയില്ല. ജ്ഞാനം വാളാണ്, അതിൽ ഓർമ്മയുടെ മൂർച്ച വേണം. ആ ശക്തി കുറവാണ്. ബാബ ദിവസവും പറഞ്ഞുകൊണ്ടിരിക്കുന്നു– കുട്ടികളേ, ഓർമ്മയുടെ യാത്രയിൽ ഇരിക്കുന്നതിലൂടെ നിങ്ങൾക്ക് ശക്തി ലഭിക്കും. പഠിപ്പിൽ ഇത്രയും ശക്തിയില്ല. ഓർമ്മയിലൂടെ നിങ്ങൾ മുഴുവൻ വിശ്വത്തിന്റേയും അധികാരിയായി മാറുന്നു. നിങ്ങൾ നിങ്ങൾക്കുവേണ്ടിത്തന്നെയാണ് എല്ലാം ചെയ്യുന്നത്. വളരെ അധികംപേർ വന്നു പിന്നീട് പോയി. മായയും ശക്തിശാലിയാണ്. കുറേപ്പേർ വരുന്നില്ല, പറയുന്നു ജ്ഞാനം വളരെ നല്ലതാണ്, സന്തോഷവും തോന്നുന്നുണ്ട്. പുറത്തുപോയി തീർന്നു. അല്പം പോലും നിലനിൽക്കാൻ അനുവദിക്കുന്നില്ല. ചിലർക്ക് വളരെ സന്തോഷമാകുന്നു. ആഹാ! ഇപ്പോൾ ബാബ വന്നിരിക്കുന്നു, നമ്മൾ നമ്മുടെ സുഖധാമത്തിലേയ്ക്ക് പോകും. ബാബ പറയുന്നു– മുഴുവൻ രാജധാനിയും സ്ഥാപനയായിട്ടില്ല. നിങ്ങൾ ഇപ്പോൾ ഈശ്വരീയ സന്താനങ്ങളാണ് പിന്നീട് ദേവതകളായി മാറും. ഡിഗ്രി കുറഞ്ഞില്ലേ. മീറ്ററിൽ പോയിന്റ് ഉണ്ടാകും, ഇത്രയും പോയിന്റ് കുറഞ്ഞു. നിങ്ങൾ ഇപ്പോൾ ഏറ്റവും ഉയർന്നതായി മാറുന്നു പിന്നീട് കുറഞ്ഞ് കുറഞ്ഞ് താഴേയ്ക്ക് വരും. ഏണിപ്പടി താഴേയ്ക്ക് ഇറങ്ങുക തന്നെ വേണം. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ഏണിപ്പടിയുടെ ജ്ഞാനമുണ്ട്. ഉയരുന്ന കല, എല്ലാവർക്കും നന്മ. പിന്നീട് പതുക്കെ പതുക്കെ താഴേയ്ക്ക് ഇറങ്ങുന്ന കലയാവും. ആരംഭം മുതൽ ഈ ചക്രത്തെ നല്ലരീതിയിൽ മനസ്സിലാക്കണം. ഈ സമയത്ത് നിങ്ങളുടെ ഉയരുന്ന കലയുണ്ടാകുന്നു എന്തുകൊണ്ടെന്നാൽ കൂടെ ബാബയുണ്ട്. ആരെയാണോ മനുഷ്യർ സർവ്വവ്യാപീ എന്നു പറയുന്നത് ആ ഈശ്വരൻ അഥവാ അച്ഛൻ മധുര മധുരമായ കുട്ടികളേ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു പിന്നീട് കുട്ടികൾ ബാബാ ബാബാ എന്ന് വിളിക്കുന്നു. ബാബ നമ്മെ പഠിപ്പിക്കാൻ വന്നതാണ്, ആത്മാവ് പഠിക്കുന്നു. ആത്മാവുതന്നെയാണ് കർമ്മം ചെയ്യുന്നത്. നാം ആത്മാക്കൾ ശാന്തസ്വരൂപമാണ്. ഈ ശരീരത്തിലൂടെ കർമ്മം ചെയ്യുകയാണ്. അശാന്തി എന്ന വാക്ക് ഉപയോഗിക്കുന്നത് ദുഃഖം ഉണ്ടാകുമ്പോഴാണ്. ബാക്കി ശാന്തി നമ്മുടെ സ്വധർമ്മമാണ്. വളരെ അധികം പേർ മനസ്സിന് ശാന്തിവേണം എന്ന് പറയാറുണ്ട്. ആത്മാവ് സ്വയം ശാന്തസ്വരൂപമാണ്, ആത്മാവിന്റെ വീടുതന്നെ ശാന്തിധാമമാണ്. നിങ്ങൾ നിങ്ങളെ മറന്നുപോയി. നിങ്ങൾ ശാന്തിധാമത്തിൽ വസിക്കുന്നവരായിരുന്നു, ശാന്തി അവിടെയാണ് ലഭിക്കുന്നത്. ഒരു രാജ്യം, ഒരു ധർമ്മം, ഒരു ഭാഷയാവണം എന്ന് ഇന്നുകാലത്ത് പറയാറുണ്ട്. ഒരു ജാതി, ഒരു മതം, ഒരു ദൈവം. ഇന്ന് ഗവൺമെന്റ് ഒരു ദൈവം എന്ന് എഴുതുന്നുമുണ്ട്, പിന്നീടും സർവ്വവ്യാപി എന്ന് പറയുന്നത് എന്തിനാണ്? ഒരു ദൈവം എന്നത് ആരും അംഗീകരിക്കുന്നില്ല. അതിനാൽ ഇപ്പോൾ നിങ്ങൾ വീണ്ടും ഇത് എഴുതണം. ലക്ഷ്മീ നാരായണന്റെ ചിത്രം നിർമ്മിക്കുന്നുണ്ട്, മുകളിൽ എഴുതൂ സത്യയുഗത്തിൽ എപ്പോൾ ഇവരുടെ രാജ്യമുണ്ടായിരുന്നോ അപ്പോൾ ഒരു ദൈവം, ഒരു ദൈവീക ധർമ്മം എന്നായിരുന്നു. പക്ഷേ മനുഷ്യൻ ഒന്നും മനസ്സിലാക്കുന്നില്ല, ശ്രദ്ധ നൽകുന്നില്ല. ആരാണോ നമ്മുടെ ബ്രാഹ്മണ കുലത്തിലേത് അവരുടെ ശ്രദ്ധയേ അതിലേയ്ക്ക് പോകൂ. ബാക്കി ആരും മനസ്സിലാക്കില്ല അതിനാലാണ് ബാബ പറയുന്നത് വേറേ വേറേ ഇരുത്തൂ എന്നിട്ട് മനസ്സിലാക്കിക്കൊടുക്കൂ. ഫോം പൂരിപ്പിക്കാൻ പറയൂ അപ്പോൾ മനസ്സിലാക്കാൻ സാധിക്കും കാരണം ഓരോരുത്തരും വേറെ വേറെ ആളുകളെയാണ് ആരാധിക്കുന്നത്. എല്ലാവർക്കും ഒരുമിച്ച് എങ്ങനെ മനസ്സിലാക്കിക്കൊടുക്കും. അവരവരുടെ കാര്യങ്ങൾ കേൾപ്പിക്കാൻ തുടങ്ങും. ആദ്യമാദ്യം ചോദിക്കണം എവിടേയ്ക്കാണ് വന്നത്? ബി.കെ എന്ന പേര് കേട്ടിട്ടുണ്ടോ? പ്രജാപിതാ ബ്രഹ്മാവ് നിങ്ങളുടെ ആരാണ്? എപ്പോഴെങ്കിലും ഈ പേര് കേട്ടിട്ടുണ്ടോ? നിങ്ങൾ പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികളല്ല, ഞങ്ങൾ പ്രാക്ടിക്കലിൽ ആണ്. നിങ്ങളുമാണ് പക്ഷേ മനസ്സിലാക്കുന്നില്ല. മനസ്സിലാക്കിക്കൊടുക്കുന്നതിന് വളരെ യുക്തി ആവശ്യമാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1) ക്ഷേത്രങ്ങൾ മുതലായവ കണ്ടുകൊണ്ടും ഈ സ്മൃതിയിൽ ഇരിക്കണം അതായത് ഇതെല്ലാം നമ്മുടെ തന്നെ ഓർമ്മചിഹ്നങ്ങളാണ്. ഇപ്പോൾ നമ്മൾ ഇങ്ങനെയുള്ള ലക്ഷ്മീ നാരായണനായി മാറുകയാണ്.

2) ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും കമലപുഷ്പ സമാനം കഴിയണം. ഹംസവും കൊക്കും ഒരുമിച്ചാണെങ്കിൽ വളരെ യുക്തിപൂർവ്വം നടക്കണം. സഹിക്കുകയും വേണം.

## വരദാനം:– ഒരുമയുടെയും സന്തുഷ്ടതയുടെയും സർട്ടിഫിക്കറ്റിലൂടെ സേവനങ്ങളിൽ സദാ സഫലതാമൂർത്തിയായി ഭവിക്കട്ടെ.

സേവനങ്ങളിൽ സദാ സഫലതാമൂർത്തിയാകുന്നതിന് വേണ്ടി രണ്ട് കാര്യങ്ങൾ ശ്രദ്ധയിൽ വെക്കണം– ഒന്ന്, സംസ്കാരങ്ങളെ ചേർക്കുന്നതിനുള്ള ഒരുമ, രണ്ടാമത്തേത്, സ്വയവും സദാ സന്തുഷ്ടമായിരിക്കുക ഒപ്പം മറ്റുള്ളവരെയും സന്തുഷ്ടമാക്കുക. സദാ പരസ്പരം സ്നേഹത്തിന്റെ ഭാവനയിലൂടെ, ശ്രേഷ്ഠതയുടെ ഭാവനയിലൂടെ സമ്പർക്കത്തിൽ വരൂ എങ്കിൽ ഈ രണ്ട് സർട്ടിഫിക്കറ്റുകളും ലഭിക്കും. പിന്നെ താങ്കളുടെ പ്രാക്റ്റിക്കൽ ജീവിതം ബാബയുടെ മുഖത്തിന്റെ ദർപ്പണമായി മാറും മാത്രമല്ല ആ ദർപ്പണത്തിൽ ബാബ ആരാണോ, എങ്ങനെയാണോ അതേപോലെ കാണപ്പെടും.

## സ്ലോഗൻ:– ആത്മസ്ഥിതിയിൽ സ്ഥിതി ചെയ്ത് അനേകം ആത്മാക്കൾക്ക് ജീവദാനം കൊടുക്കൂ എങ്കിൽ ആശീർവാദങ്ങൾ ലഭിക്കും.

**അവ്യക്ത സൂചനകൾ– ഇപ്പോൾ ഉത്സാഹത്തിന്റെ അഗ്നിയെ പ്രജ്വലിതമാക്കി യോഗത്തെ ജ്വാലാരൂപമാക്കി മാറ്റൂ.**

അഗ്നിയിൽ ഏതെങ്കിലും വസ്തു ഇട്ടാൽ പേരും രൂപവും ഗുണവും എല്ലാം പരിവർത്തനപ്പെടുന്നു, അതേപോലെ താങ്കൾ എപ്പോൾ ബാബയുടെ ഓർമ്മയുടെ ഉത്സാഹത്തിന്റെ അഗ്നിയിലിരിക്കുന്നുവോ അപ്പോൾ പരിവർത്തനപ്പെടുന്നു. മനുഷ്യനിൽ നിന്നും ബ്രാഹ്മണനായി മാറുന്നു, പിന്നെ ഫരിസ്തയും ദേവതയുമായി മാറുന്നു. ഉത്സാഹത്തിന്റെ അഗ്നിയിലൂടെ അത്രയും പരിവർത്തനം നടക്കുന്നു, അതിലൂടെ തന്റേതായി ഒന്നും തന്നെ അവശേഷിക്കുന്നില്ല, അതിനാൽ ഓർമ്മയെത്തന്നെയാണ് ജ്വാലാരൂപമെന്ന് പറയുന്നത്.